**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5813** **08-11-2021 - ൽ മറുപടിയ്ക്ക്**

**കൈത്തറി മേഖലയിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എ . പി . അനിൽ കുമാർ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകുന്നതിനും മെച്ചപ്പെട്ട കൂലി ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വരുമാനവും കൂടുതൽ തൊഴിൽ ദിനങ്ങളും നൽകുന്നതിനായി സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. പ്രസ്തുത പദ്ധതി നടപ്പിലാക്കി 5 വർഷം പിന്നിട്ടപ്പോൾ 5600 ഓളം നെയ്ത്തുകാരും 1600ഓളം അനുബന്ധ തൊഴിലാളികളും പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. ടി പദ്ധതി നടപ്പിലാക്കിയതിനു ശേഷം ഒരു നെയ്ത്തുകാരന് 600 ഓളം രൂപ ദിവസ വരുമാനമായി ലഭിച്ചു വരുന്നു. ഇതുവരെ 208 കോടിയോളം രൂപ പ്രസ്തുത പദ്ധതിയുടെ ഭാഗമായി കൂലിയിനത്തിൽ വിതരണം ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി കൈത്തറി മേഖലയ്ക്ക് എപ്രകാരം സഹായകരമായെന്നും ഇതിലൂടെ കൂടുതൽ തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിന് സാധിച്ചിട്ടുണ്ടോയെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | സംസ്ഥാനത്തെ പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വരുമാനവും കൂടുതൽ തൊഴിൽ ദിനങ്ങളും നൽകുന്നതിനായി സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. പ്രസ്തുത പദ്ധതി നടപ്പിലാക്കി 5 വർഷം പിന്നിട്ടപ്പോൾ 5600 ഓളം നെയ്ത്തുകാരും 1600ഓളം അനുബന്ധ തൊഴിലാളികളും പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. ടി പദ്ധതി നടപ്പിലാക്കിയതിനു ശേഷം ഒരു നെയ്ത്തുകാരന് 600 ഓളം രൂപ ദിവസ വരുമാനമായി ലഭിച്ചു വരുന്നു. ഇതുവരെ 208 കോടിയോളം രൂപ പ്രസ്തുത പദ്ധതിയുടെ ഭാഗമായി കൂലിയിനത്തിൽ വിതരണം ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിക്ക് എസ്.എസ്.കെ.യുടെ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് | (സി) | അനുമതി നിഷേധിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | അനുമതി നിഷേധിച്ചിട്ടുണ്ടോയെന്നും എങ്കിൽ അനുമതി നേടിയെടുക്കാൻ വേണ്ടി സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെന്നും വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ